റീ-സർവ്വേ സംബന്ധിച്ചുണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ

172 (3921) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ സംബന്ധിച്ചുണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) അപ്പീൽ ലാന്റ് കംപ്ലയിന്റ് (എ.എൽ.സി.) സർവ്വേ അദാലത്ത് എന്നീ ഭൂപരാതികൾ റദ്ദ് ചെയ്യുന്നതിന് നിലവിൽ നിയമ വ്യവസ്ഥകൾ ഉണ്ടോ ; എങ്കിൽ എന്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടികൾ സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ ; പ്രസ്തുത വ്യവസ്ഥകൾ ഉള്ളടക്കം ചെയ്യുന്ന പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) എ.എൽ.സി. അപേക്ഷകൾ, സർവ്വേ അദാലത്ത് അപേക്ഷകൾ എന്നിവ റദ്ദ് ചെയ്യുന്നതിനുള്ള നിയമപരമായ അധികാരം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണെന്നും അത്തരത്തിൽ ചെയ്യുമ്പോൾ പാലിക്കേണ്ടുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) റീ-സർവ്വേ പുരോഗതിയിലിരിക്കുന്ന വില്ലേജുകളിൽ കേരള സർവ്വേ ബൗണ്ടറീസ് നിയമത്തിലെ വകുപ്പ് 9(2) പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ, പ്രസ്തുത പ്രവർത്തനങ്ങളിൽ ആക്ഷേപം സമർപ്പിക്കുന്നതിന് അപ്പീൽ ലാന്റ് കംപ്ലയിന്റ് പ്രകാരം പൊതുജനങ്ങൾക്ക് അവസരം നൽകിവരുന്നു. റീ-സർവ്വേ പ്രാബല്യത്തിൽ വരുത്തിയ വില്ലേജുകളിൽ എൽ.ആർ.എം. മുഖാന്തരം ഭൂമി സംബന്ധമായ പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അപ്പീൽ ലാന്റ് കംപ്ലയിന്റ് തീരുമാന പ്രകാരം നടപടി പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള സർവ്വേ റിക്കാർഡിന്മേൽ ആക്ഷേപമുള്ളപക്ഷം സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 എ അനുസരിച്ച് ആക്ഷേപമുന്നയിച്ച് പ്രസ്തുത തീരുമാനപ്രകാരമുള്ള സർവ്വേ റിക്കാർഡിൽ ഭേദഗതി വരുത്താൻ വ്യവസ്ഥയുണ്ട്. സർവ്വെ അദാലത്ത് പ്രകാരമുള്ള തീരുമാനങ്ങൾക്കെതിരെ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട താലൂക്ക് കാര്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന എൽ.ആർ.എം. സംവിധാനത്തിൽ പരാതി നൽകി സർവ്വേ റിക്കാർഡിൽ ഭേദഗതി വരുത്താവുന്നതാണ്. നിലവിൽ സെക്ഷൻ 13 എ അനുസരിച്ച് ലഭിക്കുന്നതും സർവ്വേ അദാലത്ത് പ്രകാരമുള്ള തീരുമാനത്തിനെതിരെ ഉന്നയിക്കപ്പെടുന്നതുമായ എല്ലാ പരാതികളും എൽ.ആർ.എം. സംവിധാനത്തിലൂടെ തീർപ്പാക്കിവരുന്നു. പ്രസ്തുത വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 31-5-2010-ലെ ജി.ഒ.(എം.എസ്സ്) 200/2010/റവന്യൂ നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) എ.എൽ.സി. തീരുമാന പ്രകാരം സെക്ഷൻ 13 പ്രസിദ്ധീകരിച്ച റിക്കാർഡുകളിന്മേൽ ഭേദഗതി വരുത്താൻ സെക്ഷൻ 13 എ അനുസരിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകുന്നു. 1-6-2010-ന് മുമ്പുള്ള അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവ്വേ വകുപ്പിൽ തന്നെ നിക്ഷിപ്തമാണ്. നിലവിൽ റീ-സർവ്വേ പ്രകാരമുള്ള എല്ലാവിധ ആക്ഷേപങ്ങളും 31-5-2010-ലെ ജി.ഒ.(എം.എസ്.) 200/2010/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ തഹസീൽദാർക്ക് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണ്.

കയർ മേഖലയെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ച കർമ്മ പദ്ധതികൾ

173 (3922) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഇതുമൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു:

- കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നൽകി.
- പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly